www.keralapscblog.com

# എൽ.ഡി.ക്ലർക്ക് - 2005

## (ആലപ്പുഴ -സോൾവ്ഡ് പേപ്പർ)

1. അഞ്ചു സംഖ്യകളുടെ ശരാശരി 46. അവയിൽ അവസാനത്തെ നാലു സംഖ്യകളുടെ ശരാശരി 47. ആദ്യസംഖ്യ എത്ര?
(a) 46 (b) 47 (c) 42 (d) 50

2. താഴെതന്നിട്ടുള്ളതിൽ എന്ന ചിഹ്നം ഒരു പ്രത്യേക ബന്ധത്തെകുറിക്കുന്നു. അതേ ബന്ധമനുസരിച്ച് പൂരിപ്പിക്കുന്നതിന് ഏതു സംഖ്യയാണ് ഏറ്റവും യോജിച്ചത്.
$(3 \oplus 4) = 25$, $(4 \oplus 7) = 65$, $(5 \oplus 7) = 74$ ആയാൽ $(7 \oplus 3) =$ ..............
(a) 42 (b) 58 (c) 62 (d) 63

3. 5.04 ലക്ഷത്തിൽ എത്ര ആയിരങ്ങൾ ഉണ്ട്?
(a) 50.4 (b) 504 (c) 5040 (d) 50400

4. അഞ്ചു പുസ്തകങ്ങൾ ഒന്നിൻ മേൽ ഒന്നായിവെച്ചിരിക്കുന്നു. A യുടെ മുകളിൽ Eയും B യുടെ താഴെ Cയും ഇരിക്കുന്നു. Bയുടെ മുകളിൽ Aയും, Cയുടെ താഴെ Dയും ഇരിക്കുന്നു. ഏറ്റവും അടിയിലുള്ള പുസ്കമേത്?
(a) D (b) C (c) B (d) A

5. ശരിയായ ചിഹ്നങ്ങൾ തിരഞ്ഞെടുക്കുക.
36 □ 6 □ 7 = 42
(a) ×,–□ (b) ÷,– (c) ×,+ (d) ÷,×

6. Flower ഗുപ്തഭാഷയിൽ UOLDVI ആയാൽ SAND അതേ ഭാഷയിൽ:
(a) QPLW (b) HZMW (c) TBOE (d) UOTW

7. തന്നിട്ടുള്ള നാലു സംഖ്യകൾക്ക് പൊതുവായി ഏതോ ഒരു പ്രത്യേകതയുണ്ട്. അതിന് താഴെ തന്നിട്ടുള്ള നാലുത്തരങ്ങളിൽ ഒന്നിനു മാത്രമേ ആ പ്രത്യേകതയുള്ളു. അത് ഏതെന്ന് കണ്ടുപിടിക്കുക?
567, 675, 756, 576
(a) 676 (b) 667 (c) 765 (d) 767

8. ഒരു മട്ടത്രികോണത്തിന്റെ വശങ്ങൾ a, a + d, a + 2d a- യും d-യും പോസിറ്റീവ് ആയാൽ a : d എന്ത്?
(a) 3 : 1 (b) 2 : 1 (c) 1 : 4 (d) 1 : 3

9. മേശ : തടി : : തുണി : ................
(a) പരുത്തി (b) നെയ്ത്ത് (c) വസ്ത്രം (d) മില്ല്

10. താഴെ തന്നിട്ടുള്ള അക്ഷരങ്ങളുടെ നാലു കൂട്ടങ്ങളിൽ ഒരു കൂട്ടം മറ്റുള്ളതിൽ നിന്ന് ഏതെങ്കിലും വിധത്തിൽ ഭിന്നമാണ്. അതേതെന്ന് കണ്ടുപിടിക്കുക.
(a) LQPOM (b) TSUWV (c) QPRTS (d) DCEGF

11. PROBATES എന്നത് 12345678 എന്ന് കോഡ് ചെയ്താൽ BEATS എങ്ങനെ എഴുതാം?
(a) 47548 (b) 25123 (c) 12345 (d) 47568

12. താഴെ കാണുന്ന ശ്രേണിയിലെ വിട്ടുപോയ പദം കാണുക
GOD, IRH, KUL, MXP, ................
(a) OAR (b) OAS (c) OZT (d) OAT

13. $\left(\frac{1999}{6}\right)^2 - \left(\frac{1997}{6}\right)^2$ ന്റെ വില :
(a) $\frac{1}{9}$ (b) $\frac{2}{3}$ (c) 111 (d) 222

14. a യുടെ b% = c യുടെ d % ആയാൽ a : c = ..........
(a) b : d (b) d : b (c) b : 100d (d) 100 b:d

15. 3.5 ÷ 0.07 = ...................
(a) 5 (b) 35 (c) 50 (d) 500

16. താഴെ തന്നിട്ടുള്ള പ്രസ്താവനയിൽ നിന്ന് അനുമാനിക്കാവുന്ന ഏറ്റവും യുക്തമായ നിഗമനം ഏതെന്ന് കണ്ടുപിടിക്കുക?
എല്ലാ മനുഷ്യരും യുക്തിബോധമുള്ളവരാണ് അതുകൊണ്ട്
(a) യുക്തിബോധമുള്ള ചില ജീവികൾ മനുഷ്യരാണ്.
(b) യുക്തിബോധമുള്ള ചില ജീവികൾ മനുഷ്യരല്ല.
(c) യുക്തിബോധമുള്ള എല്ലാ ജീവികളും മനുഷ്യരാണ്.
(d) യുക്തിബോധമുള്ള എല്ലാ ജീവികളും മനുഷ്യരാണ്.

17. താഴെ തന്നിട്ടുള്ള ശ്രേണിയിൽ വിട്ടുപോയ പദം ഏത്?
7, 17, 31, 49, .........., 97, 127
(a) 59 (b) 61 (c) 71 (d) 87

18. അക്ഷരങ്ങൾക്ക് ചില പ്രത്യേക വിലകൾ കൊടുത്തിരിക്കുന്നു.
3175 = CAGE ആയാൽ 2125 ഏതിനെ കുറിക്കുന്നു?
(a) BABY (b) BARE (c) BABE (d) BASE

19. താഴെ തന്നിട്ടുള്ളവയിൽ ഏതാണ് ഭിന്നകം?

(a) $3\sqrt{3}$ (b) $\frac{\pi}{4}$ (c) $3\sqrt{149}$ (d) 0

20. 550 ന്റെ 19% = ..........

(a) 15.5 (b) 104.5 (c) 103.5 (d) 114.5

21. മനുഷ്യാവകാശ ദിനമായി ആചരിക്കുന്ന ദിനം ആണ് .............

(a) ഒക്ടോബർ 6 (b) സെപ്തംബർ 8

(c) ഡിസംബർ 10 (d) ഡിസംബർ 1

22. സ്ത്രീകൾക്ക് ആദ്യമായി വോട്ടവകാശം നൽകിയ രാജ്യമാണ്:

(a) സ്വീഡൻ (b) ജർമ്മനി (c) ബ്രിട്ടൻ (d) ഫ്രാൻസ്

23. രാജ്യസഭയിൽ അംഗമാകുന്നതിന് വേണ്ട ഏറ്റവും കുറഞ്ഞ പ്രായപരിധി .......... ആണ്.

(a) 18 വയസ്സ് (b) 21 വയസ്സ് (c) 30 വയസ്സ് (d) 25 വയസ്സ്

24. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രാഫി സ്ഥിതിചെയ്യുന്ന സ്ഥലം:

(a) പോണ്ടിച്ചേരി (b) കൊൽക്കത്ത (c) പനാജി (d) മുംബൈ

25. ആദ്യത്തെ ഒളിമ്പിക് ഗെയിംസ് നടന്ന വർഷം ............. ആണ്.

(a) 1214 B.C. (b) 342 B.C. (c) 776 B.C. (d) 667 A.D.

26. എല്ലാ കോമൺവെൽത്തുരാജ്യങ്ങളും ഒരിക്കൽ .......... ന്റെ കോളനി ആയിരുന്നു.

(a) സ്പെയിൻ (b) ഫ്രാൻസ് (c) ബ്രിട്ടൻ (d) പോർച്ചുഗൽ

27. ഉറൂബിന്റെ യഥാർത്ഥ പേരാണ്:

(a) പി.സി. ഗോപാലൻ (b) പി.വി. നാരായണൻ

(c) പി. കുഞ്ഞനന്തൻ നായർ (d) പി.സി. കുട്ടികൃഷ്ണൻ

28. ഇന്ത്യയുടെ ദേശീയ കായിക വിനോദമാണ്:

(a) ക്രിക്കറ്റ് (b) ഫുട്ബോൾ (c) ഹോക്കി (d) ചെസ്സ്

29. യു.എന്നിലെ ഔദ്യോഗിക ഭാഷകളുടെ എണ്ണം .......... ആണ്.

(a) 5 (b) 7 (c) 6 (d) 8

30. *വെയ്സ്റ്റ് ലാൻഡ്* എഴുതിയത് ....... ആണ്.

(a) സാമുവൽ ബെക്കറ്റ് (b) ടോൾസ്റ്റോയി

(c) ജെയിംസ് ജോസ് (d) റ്റി.എസ്. എലിയറ്റ്

31. ഭൂകമ്പം രേഖപ്പെടുത്തുന്ന ഉപകരണമാണ്:

(a) സീസ്മോഗ്രാഫ് (b) പെരിസ്കോപ്പ്

(c) സെക്സ്റ്റന്റ് (d) ജൈറോസ്കോപ്പ്

32. ശബ്ദം ഏറ്റവും അധികം വേഗത്തിൽ സഞ്ചരിക്കുന്ന മാധ്യമം ആണ് :

(a) ഇരുമ്പ് (b) ശൂന്യസ്ഥലം (c) ജലം (d) വായു

33. മനുഷ്യനിൽ ........ ജോഡി ക്രോമസോമുകൾ ഉണ്ട്.

(a) 23 (b) 26 (c) 17 (d) 20

34. ............. ടെ പ്രവാഹമാണ് വൈദ്യുതി.

(a) ഇലക്ട്രോണുകൾ (b) ന്യൂട്രോണുകൾ

(c) മോളിക്യൂൾ (d) ആറ്റം

35. ഗ്ലൂക്കോസ് ............. വിഭാഗത്തിൽപ്പെടുന്നു.

(a) കാർബോഹൈഡ്രേറ്റ് (b) പ്രോട്ടീൻ

(c) വിറ്റമിൻ (d) ഫാറ്റ്

36. ഏറ്റവും വലിയ ഗ്രഹമാണ്:

(a) പ്ലൂട്ടോ (b) ചൊവ്വ (c) വ്യാഴം (d) ബുധൻ

37. വിറ്റമിൻ ബിയുടെ കുറവുമൂലമുണ്ടാകുന്ന രോഗമാണ്:

(a) റിക്കറ്റ്സ് (b) സ്കർവി (c) ബെറിബെറി (d) നിശാന്ധത

38. ............ ഒരു സസ്തന ജീവി ആണ്.

(a) വവ്വാൽ (b) കഴുകൻ (c) മയിൽ (d) പ്രാവ്

39. .......... നാണയപെരുപ്പത്തിനു കാരണമാകുന്നു.

www.keralapscblog.com

(a) ചെലവുകുറയുന്നത്

(b) പണത്തിന്റെ ലഭ്യത കുറയുന്നു

(c) ചെലവും പണത്തിന്റെ ലഭ്യതയും കൂടുന്നത്

(d) വ്യവസായ -കാർഷിക ഉല്പാദനം കൂടുന്നത്

40. ഇന്ത്യയിൽ ദാരിദ്ര്യരേഖ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം ............ ആണ്.

(a) ജനങ്ങളുടെ ജീവിതനിലവാരം.

(b) ഒരു കുടുംബത്തിലെ കുട്ടികളുടെ എണ്ണം.

(c) ഒര വ്യക്തിക്ക് ആവശ്യമായ കലോറി.

(d) കുടുംബത്തിന്റെ പ്രതിശീർഷവരുമാനം.

41. 2004 ലെ എഴുത്തച്ഛൻ പുരസ്കാര ജേതാവ് ................ ആണ്.

(a) എം.ടി. വാസുദേവൻ നായർ (b) സച്ചിദാനന്ദൻ

(c) കെ.പി. അപ്പൻ (d) സുകുമാർ അഴിക്കോട്

42. കേന്ദ്രമാനവ വിഭവശേഷി വികസന വകുപ്പുമന്ത്രിയാണ്....................

(a) മുരളി മനോഹർ ജോഷി (b) ഉമാഭാരതി

(c) ചിദംബരം (d) അർജ്ജുൻ സിംഗ്

43. ഇറ്റാനഗർ ............. ന്റെ തലസ്ഥാനമാണ്.

(a) സിക്കിം (b) മിസ്സോറാം

(c) ത്രിപുര (d) അരുണാചൽ പ്രദേശ്

44. സാഹിത്യത്തിന് 2004ൽ നോബൽ സമ്മാനം നേടിയത്......... ആണ്.

(a) ഡേവിഡ് ഗ്രോസ് (b) റിച്ചാർഡ് അലെക്സി

(c) ഇർവിൻ റോസ് (d) എൽഫ്രിഡ് ജെലനെക്ക്

45. അജന്ത എല്ലോറ ഗുഹകൾ സ്ഥിതിചെയ്യുന്ന സംസ്ഥാനമാണ്.............

(a) രാജസ്ഥാൻ (b) ആന്ധ്രപ്രദേശ് (c) മധ്യപ്രദേശ് (d) മഹാരാഷ്ട്ര

46. ജപ്പാനിലെ പാർലമെന്റാണ് :

(a) നെസ്സെറ്റ് (b) സ്റ്റോർട്ടിംഗ്

(c) നാഷണൽ അസംബ്ലി (d) ഡയറ്റ്

47. പ്രസിഡന്റ് പുറപ്പെടുവിക്കുന്ന ഒരു ഓർഡിനൻസിന്റെ കാലാവധി .............. ആണ്.

(a) 3 മാസം (b) 1 മാസം (c) 1 വർഷം (d) 6 മാസം

48. ദ്രോണാചാര്യ അവാർഡു നല്കുന്നത് ............... ആണ്.

(a) മികച്ച അത്‌ലറ്റിന് (b) മികച്ച ഓട്ടക്കാരന്

(c) സ്പോർട്ട്സിൽ മികവു കാട്ടുന്ന വ്യക്തിക്ക്

(d) മികച്ച പരിശീലകന്

49. ഇന്ത്യയിലെ സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിന് ആസ്പദമായ മാനദണ്ഡമാണ്:

(a) ഭൂമിശാസ്ത്രപരമായ തുടർച്ച

(b) ഭരണപരമായ സൗകര്യം

(c) സാമ്പത്തികമായ അവസ്ഥ (d) ഭാഷ

50. പാർലമെന്റിന്റെ ഇരുസഭകളിലും അംഗമല്ലാത്ത ഒരു വ്യക്തി മന്ത്രി ആയാൽ ആ വ്യക്തി തിരഞ്ഞെടുക്കപ്പെടേണ്ട കാലയളവ് ആണ്.................

(a) 1 വർഷം (b) 3 മാസം (c) 8 മാസം (d) 6 മാസം

51. 1937 ൽ .............. ബ്രിട്ടീഷ് ഇന്ത്യയിൽ നിന്ന് വേർപിരിഞ്ഞു.

(a) ഭൂട്ടാൻ (b) നേപ്പാൾ

(c) ബർമ്മ (d) അഫ്ഗാനിസ്ഥാൻ

52. ഒങ്കസെ വർഗ്ഗക്കാർ വസിക്കുന്ന സ്ഥലം ആണ്:

(a) ബസ്തർ (b) ആൻഡമാൻ ദ്വീപുകൾ

(c) ഛത്തീസ്ഗഢ് (d) മേഘാലയ

53. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാ നഗരമാണ്:

(a) കോട്ടയം (b) എറണാകുളം (c) മുംബൈ (d) ഡൽഹി

54. ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോൾ കോൺഗ്രസ്സ് പ്രസിഡന്റ് ആയിരുന്നത് ............ ആണ്.

(a) നെഹ്റു (b) ജെ.ബി. കൃപലാനി

**www.keralapscblog.com**

(c) രാജേന്ദ്രപ്രസാദ്　(d) സർദാർ പട്ടേൽ

55. റോമൻ - ഗ്രീക്ക് നാവികനായ ഹിപ്പാലസ് കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ വർഷം .................. ആണ്.
(a) A.D. 45　(b) A.D. 52　(c) B.C. 52　(d) A.D. 68

56. തുമ്പ റോക്കറ്റ് ലോഞ്ചിംഗ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ച വർഷം............ ആണ്.
(a) 1963　(b) 1962　(c) 1968　(d) 1965

57. അവസാനത്തെ മുഗൾ രാജാവാണ്:
(a) ബഹദൂർഷാ സഫർ　(b) ഷാ ആലം
(c) മുഹമ്മദ്ഷാ രംഗീല　(d) ഷേർഷാ

58. കേരള കാളിദാസൻ എന്ന് അറിയപ്പെടുന്നത്.............. ആണ്.
(a) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ　(b) എ.ആർ.രാജ രാജ വർമ
(c) വള്ളത്തോൾ　(d) ഉള്ളൂർ

59. ആദ്യത്തെ മലയാള പത്രം .................. ആണ്.
(a) രാജ്യസമാചാരം　(b) നസ്രാണി ദീപിക
(c) കൗമുദി　(d) മനോരമ

60. ഒന്നാം പാനിപ്പട്ട് യുദ്ധത്തിൽ .................... നെ ബാബർ നേരിട്ടു.
(a) ഇബ്രാഹിം ലോധി　(b) ഫിറോസ് തുഗ്ലക്
(c) ഷേർഷാ സൂരി　(d) ഹുമയൂൺ

61. ഹർഷവർദ്ധനൻ ഉത്തരേന്ത്യ ഭരിച്ച കാലം ............ ആണ്.
(a) A.D. 2-ാം നൂറ്റാണ്ട്　(b) A.D. 7-ാം നൂറ്റാണ്ട്
(c) A.D. 4 -ാം നൂറ്റാണ്ട്　(d) A.D. 10 -ാം നൂറ്റാണ്ട്

62. സൈമൺ കമ്മീഷൻ ഇന്ത്യയിൽ എത്തിയത് ............ ൽ ആണ്.
(a) 1927　(b) 1928　(c) 1929　(d) 1930

63. ആര്യന്മാരുടെ പ്രധാന വിനോദം ............ ആയിരുന്നു.
(a) തേരോട്ടം　(b) നൃത്തവും സംഗീതവും
(c) ചൂതുകളി　(d) ചിത്രകല

64. അലക്സാണ്ടർ ചക്രവർത്തിയുടെയും പോറസ്സിന്റെയും സൈന്യങ്ങൾ ഏറ്റുമുട്ടിയത് ............... നദീതീരത്തുവച്ചാണ്.
(a) രവി　(b) ഝലം　(c) സത്‌ലജ്　(d) ഇൻഡസ്

65. ആര്യഭടൻ പ്രശസ്തനായ ............ ആയിരുന്നു.
(a) ഗുപ്തരാജാവ്
(b) ജ്യോതിശാസ്ത്രജ്ഞനും ഗണിതശാസ്ത്രജ്ഞനും
(c) കവി　(d) രാജ്യതന്ത്രജ്ഞൻ

66. ബ്രഹ്മസമാജം സ്ഥാപിച്ചത് .............. ആണ്.
(a) ടാഗോർ　(b) രാജാറാം മോഹൻ റോയ്
(c) ദയാനന്ദ സരസ്വതി　(d) എ.ഓ.ഹ്യൂം

67. ............. ജയിലിൽ നിരാഹാര സമരത്തിനിടയിൽ മരിച്ചത്.
(a) ലാലാ ലജ്പത് റായ്　(b) ജതിൻ ദാസ്　(c) സുഖ് ദേവ് (d) മംഗൽ പാണ്ഡേ

68. ഇന്ത്യയിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള മാധ്യമം ഇംഗ്ലീഷ് ആക്കിയത് ............ ആണ്.
(a) മേയോ പ്രഭു　(b) ബെന്റിങ് പ്രഭു (c) ചെംസ്ഫോഡ് (d) റിപ്പൺപ്രഭു

69. 'ദില്ലി ചലോ' എന്ന മുദ്രാവാക്യം ഉയർത്തിയത് ............ ആണ്.
(a) ഭഗത് സിംഗ്　(b) സുഭാഷ് ചന്ദ്രബോസ്
(c) മഹാത്മാഗാന്ധി　(d) ലാലാ ലജ്പത് റോയ്

70. കാബിനറ്റ് മിഷൻ നയിച്ചത് ............. ആണ്.
(a) ക്രിപ്സ്　(b) പെഥിക് ലോറൻസ്
(c) എ.വി. അലക്സാണ്ടർ　(d) ആറ്റ്ലി

71. While they were sleeping they ............ by a loud noise.
(a) were waking up　(b) woke up
(c) were woken up　(d) had woken up

72. Only ......... children like thrillers.
(a) the few　(b) a little　(c) few　(d) a few

www.keralapscblog.com

73. 'Brevity' means:
(a) conciseness (b) lengthy
(c) circumlocution (d) None of these

74. 'White paper' means:
(a) unwritten document (b) colourless document
(c) official document (d) written document

75. The adjective 'august' means:
(a) rainy (b) creating respect
(c) serious (d) proud

76. The opposite of 'lethal' is:
(a) mortal (b) harmless (c) illegal (d) innocent

77. I shall say what ..............
(a) I liked (b) I would like (c) I had liked (d) I like

78. I will write to her when I ............... time.
(a) will have (b) shall have (c) had (d) have

79. There was an ..............settlement after the dispute.
(a) amicable (b) amiable (c) amenable (d) hostile

80. There was ........ ugly scar on his face.
(a) the (b) a (c) an (d) none of these

81. One word for a group of people having control of a country:
(a) authoritarianism (b) aristocracy (c) autocracy (d) oligarchy

82. He ........ be very rich because he always travels First Class.
(a) must (b) will (c) can (d) would

83. The officer asked the assistant to ........ the file.
(a) put on (b) put up (c) put in (d) put off

84. 'Jurisdiction' means:
(a) the science of law (b) group of judges
(c) the enclosed box of jury (d) power held by an authority

85. Which word is wrongly spelt?
(a) abeyance (b) superanuation
(c) memorandum (d) homogeneous

86. It was a bit careless ........... you to leave your bag at the bus station.
(a) about (b) with (c) of (d) for

87. The incident .............. a political crisis .
(a) built (b) amalgamated
(c) precipitated (d) manufactured

88. The children were warned .............
(a) to commit the mistake (b) for committing the mistake
(c) against committing the mistake (d) with committing the mistake

89. I did not expect to see you today. Your friend said you ............. ill.
(a) were (b) are (c) will be (d) can be

90. A large crowd................. expected at the function
(a) are (b) has (c) have (d) is

91. As you sow, so shall you reap എന്ന ചൊല്ലിന്റെ അർത്ഥം വരുന്നത്
(a) കാറ്റുവിതയ്ക്കും കൊടുങ്കാറ്റു കൊയ്യും (b) വീണിടം വിഷ്ണുലോകം
(c) വിതച്ചതുകൊയ്യും (d) പാപി ചെന്നേടം പാതാളം

92. Gordian knot എന്ന പ്രയോഗത്തിന്റെ അർത്ഥം
(a) പൊല്ലാപ്പ് (b) വീട്ടാക്കടം (c) വിഫലശ്രമം (d) ഊരാക്കുടുക്ക്

93. ശരിയായ പ്രയോഗം ഏത്?
(a) യഥേഷ്ടം പോലെ (b) സാമുദായികപരം
(c) യുവമിഥുനം (d) കുടിശ്ശിക

94. അര + കല്ല് അരകല്ല്, ഈ സന്ധിയിൽ 'ക' ഇരട്ടിക്കാത്തത്
(a) പൂർവ പദം ധാതു ആയതുകൊണ്ട്
(b) ഉത്തരപാദാദിയിലെ വർണം ശിഥിലമായതുകൊണ്ട്
(c) ഇടയ്ക്ക് സ്വരം വരുന്നതു കൊണ്ട്
(d) വിശേഷണ വിശേഷ്യങ്ങൾ ഇല്ലാത്തതുകൊണ്ട്

95. ശുദ്ധമായ വാക്യം ഏത്?

www.keralapscblog.com

(a) സുഖവും അതിനെക്കാളുപരി ദുഃഖത്തോടും കൂടിയാണ് ജീവിതം
(b) സുഖവും അതിനെക്കാൾ ദുഃഖത്തോടുകൂടിയതാണ് ജീവിതം
(c) സുഖവും അതിനെക്കാൾ ദുഃഖവും ചേർന്നതാണ് ജീവിതം
(d) സുഖവും അതിനെക്കാളുപരി ദുഃഖവും ചേർന്നതാണ് ജീവിതം

96. 'കേരളിയർ' എന്ന പദം ഏതു വിഭാഗത്തിൽപ്പെടുന്നു
(a) അലിംഗം (b) പുല്ലിംഗം
(c) നപുംസകലിംഗം (d) മൂന്നുവിഭാഗത്തിലും പെടും

97. സമാസം എന്നാൽ
(a) വർണങ്ങൾ തമ്മിലുള്ള യോഗം
(b) വിഭക്തിക്കുറിയില്ലാതെയുള്ള പദയോഗം
(c) വിഭക്തികൾ തമ്മിലുള്ള യോഗം (d) ധാതുക്കളുട യോഗം

98. എഴുത്തച്ഛൻ അവാർഡും വയലാർ അവാർഡും ലഭിച്ച എഴുത്തുകാരൻ
(a) എം.ടി. വാസുദേവൻ നായർ (b) ഒ.എൻ.വി. കുറുപ്പ്
(c) ശൂരനാട്ടു കുഞ്ഞൻപിള്ള (d) ഒ.വി. വിജയൻ

99. 'ചെറിയ മനുഷ്യരും വലിയ ലോകവും' എന്ന കാർട്ടൂൺപരമ്പര വരച്ചതാര്?
(a) ഒ.വി. വിജയൻ (b) യേശുദാസൻ (c) അരവിന്ദൻ (d) ഗഫൂർ

100. 'സാഹിത്യപഞ്ചാനൻ' എന്നു പേരുള്ള സാഹിത്യകാരൻ ആര്?
(a) ഡോ.പി.കെ. നാരായണപിള്ള (b) പി.കെ. നാരായണപിള്ള
(c) വടക്കുംകൂർ രാജരാജവർമ്മ (d) സി.വി. കുഞ്ഞിരാമൻ

## എൽ.ഡി.സി. ആലപ്പുഴ ജില്ല - 2005
## വിശദഉത്തരങ്ങളും അനുബന്ധവസ്തുതകളും

1. **(c) 42**

5 സംഖ്യകളുടെ തുക $= 46 \times 5 = 230$

4 സംഖ്യകളുടെതുക $= 47 \times 4 = 188$

വിട്ട സംഖ്യ $= 230 - 188 = 42$

2. **(b) 58**

$3^2 + 4^2 = 25, 4^2 + 7^2 = 65,\ 52 + 72 = 74$

$72 + 32 = 49 + 9 = 58$

3. **(b) 504**

5.04 ലക്ഷം = 5,04,000

4. **(a) D**

E, a, B, C, D എന്നതാണ് ക്രമം.

5. **(d) ÷, ×**

$36 \div 6 \times 7 = 42.$

6. **(b) HZMW**

അക്ഷരമാലയിൽ ഇടത്തു നിന്ന് 6-ാം അക്ഷരം F, വലത്തു നിന്ന് 6-ാം അക്ഷരം L വലത്തുനിന്ന് 12-ാം അക്ഷരം 0 ഈ രീതിയിൽ

$S \to H, A \to Z, N \to M, D \to W$

7. **(c) 765**

5, 6, 7 എന്നിവ എല്ലാറ്റിലും ഉണ്ട്.

8. **(a) 3 : 1**

$(a + 2d)^2 = a^2 + (a + d)^2$

$a^2 + 4ad + 4d^2 = a^2 + (a + d)^2$

$4d\,(a + d) = (a + d)^2$

$4d = a + d \qquad 3d = a$

$\frac{a}{d} = \frac{3}{1} \qquad a : d = 3 : 1$

9. **(a) പരുത്തി**

മേശ തടികൊണ്ട് നിർമിക്കുന്നു. തുണി പരുത്തികൊണ്ട് നിർമ്മിക്കുന്നു.

10. **(a) LQPOM**

മറ്റെല്ലാറ്റിനും തുടർച്ചയായ അക്ഷരങ്ങളുണ്ട്. ഇതിൽ N ഇല്ല.

www.keralapscblog.com

11. **(d) 47568**

PROBATES ൽ B = 4, E = 7, A = 5, T = 6, S = 8.

12. **(d) OAT**

ഓരോ സെറ്റിലേയും തുടർച്ചയായ 2-ാമത്തെയും 3-ാമത്തേയും 4-ാമത്തെയും അക്ഷരം അടുത്ത സെറ്റിൽ.

13. **(d) 222**

$a^2 - b^2 = (a + b)(a - b)$

$$\left(\frac{1999}{6}\right)^2 - \left(\frac{1997}{6}\right)^2 = \left(\frac{1999+1997}{6}\right)\left(\frac{2}{6}\right) = \frac{3996}{6} \times \frac{2}{6} = 666 \times \frac{1}{3} = 222$$

14. **(b) d : b**

$$\frac{a \times b}{100} = \frac{c \times b}{100}$$

$ab = cd$

$$\frac{a}{c} = \frac{d}{b}$$

15. **(c) 50**

$$\frac{3.5}{0.07} = \frac{350}{7} = 50$$

16. **(a) യുക്തിബോധമുള്ള ചില ജീവികൾ മനുഷ്യരാണ്.**

17. **(c) 71**

തുടർച്ചയായി 10, 14, 18, 22, 26, 30 കൂട്ടുക

18. **(c) BABE**

അക്ഷരമാലയിലെ ക്രമനമ്പർ.

19. **(d) 0**

ഭിന്നകമെന്നാൽ Rational Number.

20. **(b) 104.5**

$$\frac{555 \times 19}{100} = 104.5$$

21. **(c) ഡിസംബർ 10**

- 1948 ഡിസംബർ 10ന് ഐക്യരാഷ്ട്രസഭ നടത്തിയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ സ്മരണയ്ക്ക്.
- ഡിസംബർ 1 - ലോക എയ്ഡ്സ് ദിനം

22. (*) ശരിയുത്തരം ന്യൂസിലാന്റ്

- പാർലമെന്റിൽ വനിതാ പ്രാതിനിധ്യം ഏറ്റവും കൂടുതലുള്ള രാജ്യം : സ്വീഡൻ

23. **(c) 30വയസ്സ്**

- ലോക്സഭയിൽ 25 വയസ്സ്.
- ലോക്സഭാംഗത്തിന്റെ കാലാവധി : 5 വർഷം
- രാജ്യസഭാംഗത്തിന്റെ കാലാവധി : 6 വർഷം

24. **(c) പനാജി** (ഗോവയുടെ തലസ്ഥാനം)

- പനാജിയും മർമഗോവയുമാണ് ഗോവയിലെ പ്രധാനതുറമുഖങ്ങൾ.
- ഒരേയൊരു വിമാനത്താവളം - ധാബോളിം.
- സയൻസ് സിറ്റി എന്നറിയപ്പെടുന്ന ഇന്ത്യൻ നഗരം - കൊൽക്കത്ത
- സ്വന്തമായി അസംബ്ലിയുള്ള ഒരേ ഒരു കേന്ദ്രഭരണ പ്രദേശം - പോണ്ടിച്ചേരി
- ഇന്ത്യയിലെ ഏറ്റവും വലിയ പോർട്ടാണ് ബോംബെയിലുള്ളത്.

25. **(c) 776 ബി.സി.**

- ആദ്യത്തെ ആധുനിക ഒളിമ്പിക്സ് - 1896
- ആധുനിക ഒളിമ്പിക്സിന്റെ പിതാവ് - ബാരൻ പിയറി ഡി കൗബർട്ടിൻ
- എ.ഡി. 394ൽ തിയോഡിസിയസ് ചക്രവർത്തി ഒളിമ്പിക്സ് നിർത്തലാക്കിയിരുന്നു.

26. **(c) ബ്രിട്ടൺ**

www.keralapscblog.com

- കോമൺവെൽത്തിലെ അംഗരാഷ്ട്രങ്ങളിൽ വച്ച് ബ്രിട്ടന്റെ കോളനിയല്ലാതിരുന്ന ഏക രാജ്യം - മൊസാംബിക്
- മെയ് 24 - കോമൺവെൽത്ത് ദിനം
- 1931-ൽ കോമൺവെൽത്ത് സംഘടന ലണ്ടനിൽ സ്ഥാപിതമായി.

27. **(d) പി.സി. കുട്ടികൃഷ്ണൻ**
    - *ഉമ്മാച്ചു, സുന്ദരികളും സുന്ദരൻമാരും* - പ്രശസ്ത കൃതികൾ.
    - പി. കുഞ്ഞനന്തൻ നായരുടെ തൂലികാനാമം - തിക്കോടിയൻ
    - പി.സി. ഗോപാലന്റെ തൂലികാനാമം - നന്ദനാർ

28. **(c) ഹോക്കി**
    - പാകിസ്ഥാന്റെ ദേശീയ കായികവിനോദവും ഹോക്കിയാണ്.
    - ഇംഗ്ലണ്ടിന്റെ ദേശീയ കായികവിനോദം - ക്രിക്കറ്റ്
    - ചെസ്സ് ആവിർഭവിച്ചത് ഇന്ത്യയിലാണ്.
    - ഭൂരിപക്ഷം ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളുടെയും കായികവിനോദം ഫുട്ബോളാണ്.

29. **(c) 6**
    - ഇംഗ്ലീഷ്, ഫ്രഞ്ച്, റഷ്യൻ, ചൈനീസ്, സ്പാനിഷ്, അറബിക്
    - യു.എന്നിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഇംഗ്ലീഷും ഫ്രഞ്ചുമാണ് ഉപയോഗിക്കുന്നത്.
    - യു.എൻ. പൊതുസഭയിൽ ഏതു ഭാഷയിലും പ്രസംഗിക്കുവാനുള്ള അവകാശം അംഗങ്ങൾക്കുണ്ട്.
    - യു.എൻ. പൊതുസഭയിൽ ആദ്യമായി മലയാളത്തിൽ പ്രസംഗിച്ച വ്യക്തി - മാതാ അമൃതാനന്ദമയി.
    - യു.എൻ. പൊതുസഭയിൽ ആദ്യമായി ഹിന്ദിയിൽ പ്രസംഗിച്ച വ്യക്തി - അടൽ ബിഹാരി വാജ്പേയ്

30. **(d) ടി.എസ്. ഇലിയറ്റ്**(1888 - 1965)
    - പൂർണനാമം - Thomas Sterns Eliot
    - 1948 ൽ സാഹിത്യ നോബൽ
    - മറ്റൊരു കൃതി - *Murder in the Cathedral*
    - സാമുവൽ ബെക്കറ്റ് - *ഗോഡയെ കാത്ത്*
    - മഹാത്മാഗാന്ധിയുടെ പ്രിയപ്പെട്ട നോവലിസ്റ്റാണ് ടോൾസ്റ്റോയ്. ഇദ്ദേഹത്തിന്റെ പ്രസിദ്ധകൃതികളാണ് *യുദ്ധവും സമാധാനവും, അന്ന കരിനീന*

31. **(a) സീസ്മോഗ്രാഫ്**
    - ഭൂകമ്പങ്ങളെക്കുറിച്ചുള്ള പഠനം - സീസ്മോളജി
    - കടലിന്റെ മുകളിലുള്ള വിവരങ്ങൾ ഗ്രഹിക്കുവാൻ വേണ്ടി അന്തർവാഹിനികളിൽ ഘടിപ്പിച്ചിട്ടുള്ള ഉപകരണം - പെരിസ്കോപ്പ്
- $0^0$ C ഊഷ്മാവുള്ള വായുവിന്റെ ശബ്ദപ്രവേഗം = 330 മീറ്റർ/സെക്കന്റ്
    - ഊഷ്മാവ് കൂടുന്നതിനനുസരിച്ച് ശബ്ദത്തിന്റെ പ്രവേഗം കൂടുന്നു.

32. **(a) ഇരുമ്പ്**
    - ശബ്ദം ശൂന്യസ്ഥലത്തുകൂടി സഞ്ചരിക്കുകയില്ല.

33. **(a) 23**
    - കൃത്രിമജീൻ നിർമ്മിച്ച ശാസ്ത്രജ്ഞൻ - ഹർഗോവിന്ദ് ഖുരാന
    - പാരമ്പര്യത്തെക്കുറിച്ചുള്ള പഠനം - ജനിറ്റിക്സ്

34. **(a) ഇലക്ട്രോണുകൾ**
    - ഇലക്ട്രോൺ കണ്ടുപിടിച്ചത് ജെ.ജെ.തോംസൺ.
    - ന്യൂട്രോൺ കണ്ടുപിടിച്ചത് - ജെയിംസ് ചാഡ്വിക്ക്
    - അറ്റോമിക സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് - ജോൺ ഡാൾട്ടൺ

35. **(a) കാർബോഹൈഡ്രേറ്റ്**
    - ഗ്ലൂക്കോസിലെ ($C_6H_{12}O_6$) ഘടകമൂലകങ്ങൾ - കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ.
    - ശരീരവളർച്ചയ്ക്ക് ആവശ്യമായ ഭക്ഷണഘടകമാണ് പ്രോട്ടീൻ.
    - ശരീരത്തിലെ ഊർജ്ജദായക ഘടകങ്ങൾ - കാർബോഹൈഡ്രേറ്റ്, ഫാറ്റ്

36. **(c) വ്യാഴം**
    - ബുധനാണ് ഏറ്റവും ചെറുത്.
    - ഏറ്റവും ദൈർഘ്യം കുറഞ്ഞ ദിനം (സ്വയം ഭ്രമണത്തിന് ഏറ്റവും കുറച്ചു സമയം) ഉള്ള ഗ്രഹമാണ് വ്യാഴം.
    - പഴക്കമേറിയ പരുക്കൻ ലോകം എന്നറിയപ്പെടുന്ന ഗ്രഹം - ചൊവ്വ
    - സൂര്യനോട് ഏറ്റവും അടുത്ത് സ്ഥിതിചെയ്യുന്ന ഗ്രഹം - ബുധൻ

37. **(c) ബെറിബെറി** (വിറ്റാമിൻ $B_1$ ന്റെ കുറവുമൂലം)
    - $B_1$ ന്റെ രാസനാമം - തയാമിൻ

**www.keralapscblog.com**

- അമേരിക്കക്കാരനായ Minot, Murphy എന്നിവർ 1936 ൽ കണ്ടുപിടിച്ചു.
- റിക്കറ്റ്സ് - ജീവകം ഡി ▸ സ്കർവി - ജീവകം സി
- നിശാന്ധത - ജീവകം എ

38. **(a) വവ്വാൽ**
- പറക്കാൻ കഴിവുള്ള സസ്തനി.

39. **(c) ചെലവും പണത്തിന്റെ ലഭ്യതയും കുറയുന്നത്.**

40. **(c) ഒരു വ്യക്തിക്ക് ആവശ്യമായ കലോറി.**
- ഒരു ഗ്രാം ധാന്യകത്തിൽ നാല് കലോറി ഊർജ്ജമുണ്ട്.
- ഒരു ഗ്രാം കൊഴുപ്പിൽ 9.3 കലോറി ഊർജ്ജം ഉണ്ട്.

41. **(d) സുകുമാർ അഴീക്കോട്**
- 2008 ൽ അക്കിത്തത്തിന് ലഭിച്ചു.
- കേരളസർക്കാറിന്റെ അത്യുന്നത സാഹിത്യപുരസ്കാരമാണ് എഴുത്തച്ചൻ പുരസ്കാരം.
- ആദ്യ എഴുത്തച്ഛൻ പുരസ്കാര ജേതാവ് - ശൂരനാട് കുഞ്ഞൻപിള്ള
- 2007ലെ ജേതാവ് ഒ.എൻ.വി. കുറുപ്പ്

42. **(d) കപിൽസിബൽ**
- കേന്ദ്ര ധനകാര്യമന്ത്രി - പ്രണാബ് മുഖർജി

43. **(d) അരുണാചൽ പ്രദേശ്** (24-ാം സംസ്ഥാനം)
- പഴയ പേര് - NEFA (North East Froniter Agency)
- സിക്കിമിന്റെ തലസ്ഥാനം - ഗാങ്ടോക്ക്
- മിസ്സോറാമിന്റെ തലസ്ഥാനം - ഐസ്വോൾ
- ത്രിപുരയുടെ തലസ്ഥാനം - അഗർത്തല

44. **(d) എൽഫ്രീഡ് എലിനെക്ക്**
- സാഹിത്യത്തിൽ നൊബെൽ സമ്മാനം നേടിയ ആദ്യ വനിത - സെൽമ ലാഗർലോഫ് (1909, രാജ്യം - സ്വീഡൻ).

45. **(d) മഹാരാഷ്ട്ര**
- എടയ്ക്കൽ ഗുഹകൾ വയനാട് ജില്ലയിലാണ്.
- മേലെപ്പാട്ട് പക്ഷിസങ്കേതം ആന്ധ്രാപ്രദേശിലാണ്.
- ഖജുരാഹോ ക്ഷേത്രങ്ങൾ മധ്യപ്രദേശിലാണ് സ്ഥിതിചെയ്യുന്നത്.
- ഖേത്രി ചെമ്പ് ഖനി സ്ഥിതിചെയ്യുന്നത് രാജസ്ഥാനിലാണ്.

46. **(d) ഡയറ്റ്**
- ഇസ്രായേലിന്റെ പാർലമെന്റ് - നെസറ്റ്
- നോർവെയുടെ പാർലമെന്റ് -സ്റ്റോർട്ടിങ്
- പാകിസ്ഥാന്റെ പാർലമെന്റ് - നാഷണൽ അസംബ്ലി

47. **(d) ആറുമാസം**

48. **(d) മികച്ച പരിശീലകന്**
- 1985 ൽ നിലവിൽ വന്നു.
- ദ്രോണാചാര്യയും ഖേൽരത്നയും ഒരേവർഷം ലഭിച്ച ദമ്പതിമാർ - റോബർട്ട് ബോബിജോർജ്ജും അഞ്ജു ബോബി ജോർജ്ജും.
- ഇന്ത്യയിൽ കായികതാരങ്ങൾക്ക് നൽകുന്ന ഏറ്റവും ഉന്നത ബഹുമതി - രാജീവ് ഗാന്ധി ഖേൽ രത്ന അവാർഡ്.

- ഇന്ത്യയിലെ കായികതാരങ്ങൾക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ ആദ്യ പ്രമുഖ പുരസ്കാരം - അർജുന അവാർഡ്

49. (d) ഭാഷ
- ഭാഷാടിസ്ഥാനത്തിലുള്ള ആദ്യ സംസ്ഥാനം - ആന്ധ്രാപ്രദേശ് (1953)

50. (d) ആറുമാസം
- പാർലമെന്റിനെ അഭിമുഖീകരിക്കാത്ത ഇന്ത്യൻ പ്രധാനമന്ത്രി - ചരൺ സിംഗ്.

51. (c) ബർമ്മ (ഇപ്പോൾ മ്യാൻമാർ)
- 1935ലെ ഗവ. ഓഫ് ഇന്ത്യ ആക്ട് പ്രകാരമാണ് ബർമ്മയെ വേർപ്പെടുത്തിയത്.
- മ്യാൻമറിന്റെ തലസ്ഥാനം - നയ്പിഡോ
- അഫ്ഗാനിസ്ഥാന്റെ തലസ്ഥാനം - കാബൂൾ
- ഭൂട്ടാന്റെ തലസ്ഥാനം - തിംമ്പു
- നേപ്പാളിന്റെ തലസ്ഥാനം - കാഠ്മണ്ഡു

www.keralapscblog.com

52. (b) ആൻഡമാൻ ദ്വീപുകൾ

- Murias വർഗ്ഗക്കാർ ബസ്തറിൽ വസിക്കുന്നു.

53. (a) കോട്ടയം

- 1989 ലാണ് ഈ നേട്ടം കൈവരിച്ചത്.
- 'അക്ഷര നഗരം' എന്നും അറിയപ്പെടുന്നു.
- സമ്പൂർണ്ണ സാക്ഷരത കൈവരിച്ച കേരളത്തിലെ ആദ്യ ജില്ല - എറണാകുളം (1990)

54. (b) ജെ.ബി. കൃപലാനി

- നെഹ്റു മന്ത്രിസഭയ്ക്കെതിരെ പാർലമെന്റിൽ ആദ്യമായി അവിശ്വാസപ്രമേയം അവ തരിപ്പിച്ചത് ഇദ്ദേഹമാണ്.
- ഇന്ത്യയുടെ ഉരുക്കു മനുഷ്യൻ - സർദാർ പട്ടേൽ

55. (a) AD 45

- കാലവർഷക്കാറ്റിന്റെ ഗതി കണ്ടിപിടിച്ചത് ഹിപ്പാലസ് ആണ്.

56. (a) 1963

- USA, USSR ഫ്രാൻസ്, എന്നിവയുടെ സഹായത്തോടെ1962 ൽ സ്ഥാപിച്ചു.
- 1963 നവംബർ 21ന് ഒരു Nicke Appache റോക്കറ്റ് വിക്ഷേപിച്ചതോടെയാണ് ഇതിന്റെ പ്രവർത്തനം സമാരംഭിച്ചത്.

57. (a) ബഹദൂർഷാ സഫർ

- 1857 ലെ കലാപശേഷം ഇദ്ദേഹം റങ്കൂണിലേക്ക് നാടുകടത്തപ്പെട്ടു.

58. (a) കേരളവർമ്മ വലിയകോയിത്തമ്പുരാൻ

- കേരള വാല്മീകി : വള്ളത്തോൾ
- കേരളപാണിനി : എ.ആർ. രാജരാജവർമ്മ.
- ഉള്ളൂർ രചിച്ച മഹാകാവ്യം - *ഉമാകേരളം*

59. (a) രാജ്യസമാചാരം

- തലശ്ശേരിയിലെ ഇല്ലിക്കുന്നിലെ കല്ലച്ചിൽ നിന്നും 1847 ൽ ഹെർമൻ ഗുണ്ടർട്ട് പുറത്തിറക്കി.
- 1780 ജനുവരി 26ന് കൊൽക്കത്തയിൽ നിന്ന് പ്രസിദ്ധീകരണമാരാംഭിച്ച ജയിംസ് ആഗസ്റ്റ് ഹിക്കിയുടെ ബംഗാൾ ഗസറ്റാണ് ഇന്ത്യയിലെ ആദ്യ വർത്തമാനപത്രം.
- 1609 ൽ ജർമ്മനിയിൽ പ്രസിദ്ധീകരണമാരംഭിച്ച റിലേഷൻ ആണ് ലോകത്തിലെ ആദ്യപത്രം.

60. (a) ഇബ്രാഹിം ലോധി

- ഇദ്ദേഹമണ് ഡൽഹി സുൽത്താനേറ്റിലെ അവസാനത്തെ ഭരണാധികാരി.
- ലോധിവംശ സ്ഥാപകൻ ബഹ്ലുൽ ലോധിയാണ് ഇന്ത്യയിലെ ആദ്യ അഫ്ഗാൻ ഭരണാധികാരി.
- ഹിന്ദുക്കളുടെ മേൽ ഏർപ്പെടുത്തിയ ജസിയ നികുതി ആദ്യമായി നടപ്പിൽവരുത്തിയത് ഫിറോസ് ഷാ തുഗ്ലക്കാണ്.

61. (b) എ.ഡി. ഏഴാം നൂറ്റാണ്ട് (എ.ഡി. 606 - 647)

- ഉത്തരേന്ത്യയിലെ അവസാനത്തെ ഹിന്ദു ചക്രവർത്തിയായ ഹർഷനാണ് 'പ്രിയദർശിക', 'രത്നാവലി', 'നാഗനന്ദ' എന്നിവ രചിച്ചത്.

62. (b) 1928

- ഇന്ത്യൻ സ്റ്റാറ്റ്യൂട്ടറി കമ്മീഷൻ എന്നായിരുന്നു ഔദ്യോഗികനാമം.

63. (*) തേരോട്ടം, ചൂതുകളി, നൃത്തം, കുതിരപ്പന്തയം എന്നിവ ആര്യന്മാരുടെ പ്രധാന വിനോദങ്ങളായിരുന്നു.

64. (b) ഝലം

- ഹൈഡാസ്പസ് യുദ്ധം (ബി.സി. 326) എന്നാണ് ഇത് അറിയപ്പെടുന്നത്. പോറസ് പരാജയപ്പെട്ടെങ്കിലും അദ്ദേഹത്തോടെ മതിപ്പു തോന്നിയ അലക്സാണ്ടർ രാജ്യം തിരികെ നൽകി.

65. (b) ജ്യോതിശാസ്ത്രജ്ഞനും ഗണിതശാസ്ത്രജ്ഞനും

- ഇന്ത്യൻ ന്യൂട്ടൺ എന്നറിയപ്പെടുന്നത് ആര്യഭടൻ ആണ്.

66. (b) രാജാറാം മോഹൻറോയ്

- ആര്യസമാജം സ്ഥാപിച്ചത് ദയാനന്ദ സരസ്വതി.
- ഐ.എൻ.സി. യുടെ സ്ഥാപകൻ - എ.ഒ. ഹ്യൂം

67. (b) ജതിൻദാസ്

Aristocracy = സ്വേച്ഛാധിപത്യം

82. (a) must

83. (c) Put in = to offer for consideration

- Put up= വ്യാജനിർമ്മിതമായ
- Put on = hoax (തട്ടിപ്പ്)

www.keralapscblog.com

- Put off = postpone

84. (d) power held by an authority
Jurisdiction = the authority of an official organisation to make and deal with decisions
85. (b) superanuation the correct spelling is ‘superannuation’ = a pension
86. (c) of
87. (c) precipitated
Precipitate = to bring about abruptly
88. (c) against committing the mistake
89. (a) were
90. (d) is
91. (c) വിതച്ചത് കൊയ്യും
92. (d) ഊരാകുടുക്ക്
93. (d) കുടിശ്ശിക
94. (a) പൂർവ പദം ധാതു ആയതുകൊണ്ട്
95. (c) സുഖവും അതിനെക്കാൾ ദുഃഖവും ചേർന്നതാണ് ജീവിതം
96. (a) അലിംഗ ബഹുവചനം
97. (b) വിഭക്തിക്കുറിയില്ലാതെയുള്ള പദപ്രയോഗം
98. (d) ഒ.വി. വിജയൻ
99. (c) അരവിന്ദൻ
100. (b) പി.കെ.നാരായണപിള്ള

**www.keralapscblog.com**